**കേരള സർക്കാർ**

**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.286** **29.06.2016 - ലെ മറുപടിക്ക്**

**ചോദ്യം**

ശ്രീ. ടി.വി. ഇബ്രാഹിം

**ഉത്തരം**

ശ്രീ. ടി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

**സാമ്പത്തിക നില**

| | | |
|---|---|---|
| എ | ഈ സർക്കാർ ചുമതലയേൽക്കുന്ന സമയത്ത് ഖജനാവിൽ എത്ര രൂപയാണ് മിച്ചമുണ്ടായിരുന്നത് എന്ന് അറിയിക്കാമോ? | ഈ സർക്കാർ ചുമതലയേറ്റ 25.05.2016-ൽ ഓപ്പണിംഗ് ബാലൻസായി **1009.30** കോടി രൂപ ട്രഷറി ബില്ലിൽ നിക്ഷേപമായുണ്ടായിരുന്നു.<br>എന്നാൽ 2016 മെയ് അവസാനത്തെ വകുപ്പുതല കണക്കുകൾ പ്രകാരം പെൻഷൻ കുടിശിക (1000 കോടിയിൽപ്പരം രൂപ), വിവിധ വകുപ്പുകൾക്കും മറ്റും കൊടുത്തുതീർക്കാനുള്ള ബില്ല് (2000 കോടി), കരാറുകാർക്കും ബിൽ റീ ഡിസ്കൗണ്ടിങ്ങിന് ബാങ്കിനും നൽകേണ്ടത് (1600 കോടി) എന്നിവയുൾപ്പെടെ **4600 കോടി**യില്പരം രൂപ അടിയന്തിരമായി കൊടുത്തു തീർക്കാനുള്ള ബാധ്യതയായുണ്ട്. മാത്രമല്ല വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ/ ക്ഷേമനിധികൾ/ ബോർഡുകൾ തുടങ്ങിയവയിൽ നിന്നും 1365 കോടി സ്ഥിര നിക്ഷേപമായി സമാഹരിച്ചിട്ടുമുണ്ട്. അതുകൂടി ചേർത്താൽ ഈ സമയത്തെ അടിയന്തിര ബാധ്യത **5965 കോടി**യില്പരം രൂപ വരും. |

**സെക്ഷൻ ഓഫീസർ**